REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-07-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. പത്ത് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.
- മഹാരാഷ്ട്ര, ഛത്തീസ്ഗഢ് അതിർത്തിയിൽ 12 നക്സലൈറ്റുകളെ പൊലീസ് വെടിവെച്ചു കൊന്നു.
- ഉമ്മൻചാണ്ടി അനുസ്മരണ സമ്മേളനം രാവിലെ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പുതുപ്പള്ളിയിൽ ഉദ്ഘാടനം ചെയ്യും.
- പാരീസ് ഒളിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ സംഘത്തിന് കായിക മന്ത്രാലയം അന്തിമ രൂപം നൽകി.
- ICC- ഏറ്റവും പുതിയ പുരുഷ ട്വന്റി - 20 ക്രിക്കറ്റ് റാങ്കിംഗ് പ്രഖ്യാപിച്ചു.

## വാർത്തകൾ വിശദമായി

**സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. വടക്കൻ കേരളത്തിലും മധ്യകേരളത്തിലും മഴ ശക്തമാണ്. വടക്കൻ കേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെ ന്യുനമർദ്ദ പാത്തി രൂപപ്പെട്ടതാണ് മഴ കനക്കാൻ കാരണമാകുന്നത്. പത്ത് ജില്ലകളിൽ അതിശക്ത മഴ സാധ്യത മുൻ നിർത്തി ഓറഞ്ച് ജാഗ്രത നൽകി.**

**ഡെസ്ക് റിപ്പോർട്ട്**

........വോയ്സ്.........

കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത നൽകിയത്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. മഴ തുടരുന്ന സാഹചര്യത്തിൽ മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും സാധ്യതയുള്ളതിനാൽ പൊതുജനങ്ങൾ അതീവ ജാഗ്രത പാലിക്കണമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി.

കേരള തീരത്ത് പടിഞ്ഞാറൻ-വടക്കു പടിഞ്ഞാറൻ കാറ്റും ശക്തമാകാൻ സാധ്യതയുണ്ടെന്നും സംസ്ഥാനത്ത് അടുത്ത 5 ദിവസം വ്യാപകമായി ഇടിമിന്നലോട് കൂടിയ മഴക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ കേന്ദ്രം അറിയിച്ചു.

മഴക്കെടുതിയെ തുടർന്ന് കോഴിക്കോട് താലൂക്കിൽ അഞ്ച് ദുരിതാശ്വാസ ക്യാംപുകളിലായി 10 കുടുംബങ്ങളിലെ 36 പേർ കഴിയുന്നുണ്ട്. അമ്പതിലേറെ കുടുംബങ്ങൾ ബന്ധുവീടുകളിലേക്കും മറ്റും താമസം മാറുകയും ചെയ്തു.

കാലവർഷക്കെടുതിയിൽ കണ്ണൂർ ജില്ലയിൽ 10 വീടുകൾ പൂർണമായും 218 വീടുകൾ ഭാഗികമായും തകർന്നു. കാലവർഷത്തിൽ ഇതുവരെ ജില്ലയിൽ 10 മുങ്ങി മരണങ്ങളും റിപ്പോർട്ട് ചെയ്തു.

ശക്തമായ മഴയിൽ കഴിഞ്ഞ മൂന്നു ദിവസത്തിനിടെ മലപ്പുറം ജില്ലയിൽ 46 വീടുകൾ ഭാഗികമായി തകർന്നു. 33 അംഗ NDRF സംഘം നിലമ്പൂരിൽ ക്യാമ്പ് ചെയ്യുന്നുണ്ട്.

കാസർഗോഡ് ജില്ലയിലും മഴ തുടരുകയാണ്. ജില്ലയിൽ നിരവധി വീടുകൾ ഭാഗികമായി തകർന്നു.

കനത്തമഴയിൽ ഇടുക്കി ജില്ലയിൽ വ്യാപക നാശ നഷ്ടമുണ്ടായി. ദേശിയപാത 85ൽ വിവിധയിടങ്ങളിൽ മണ്ണിടിഞ്ഞു. കല്ലാർകുട്ടി, പാംബ്ല, മലങ്കര അണക്കെട്ടുകളുടെ ഷട്ടറുകൾ കൂടുതൽ തുറന്നു. കല്ലാർ ഡാമിന്റെ ഷട്ടറുകളും തുറന്നിട്ടുണ്ട്.

✪✪✪

വയനാട് ജില്ലയിൽ കാലവർഷം ശക്തമായ സാഹചര്യത്തിൽ ട്യൂഷൻ സെന്ററുകൾ, അങ്കണവാടികൾ, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. മോഡൽ റസിഡൻഷൽ സ്കൂളുകൾക്ക് അവധി ബാധകമല്ല.

പത്തനംതിട്ട ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന മൂന്നു സ്കൂളുകൾക്കും വെള്ളം കയറി അപകടാവസ്ഥയിലായ രണ്ട് സ്കൂളുകൾക്കും ജില്ലാ കലക്ടർ ഇന്ന് അവധി നൽകിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ഇന്ന് അവധിയാണ്.

✪✪✪

കണ്ണൂർ ഇരിട്ടി - അമ്പായത്തോട് - പാൽച്ചുരം റോഡിൽ ഭാരവാഹനങ്ങൾക്ക് ഒരാഴ്ചത്തെ ഗതാഗത നിരോധനം ഏർപ്പെടുത്തി. കാലവർഷത്തെ തുടർന്നുണ്ടായ മണ്ണിടിച്ചിലും അറ്റക്കുറ്റപ്പണിയും മുൻ നിർത്തിയാണ് ഗതാഗത നിയന്ത്രണം. രാത്രികാല ഗതാഗതം പൂർണമായി നിരോധിച്ചു.

✪✪✪

മാഹി തുറമുഖത്തു നിന്ന് മീൻ പിടിക്കാൻ പോയ തോണി മറിഞ്ഞ് രണ്ട് തൊഴിലാളികൾക്ക് പരിക്കേറ്റു. ഇവരെ സമീപത്തുണ്ടായിരുന്ന മറ്റൊരു തോണിയിൽ രക്ഷപ്പെടുത്തി കരയിലെത്തിച്ചു.

✪✪✪

പ്രതികൂല കാലാവസ്ഥയെത്തുടർന്ന് കൊച്ചിയിൽ ഉൾക്കടലിൽ ഒറ്റപ്പെട്ട മത്സ്യബന്ധന ബോട്ടിലെ 11 ജീവനക്കാരെ ഇന്ത്യൻ കോസ്റ്റ് ഗാർഡ് രക്ഷപ്പെടുത്തി. കൊച്ചിയിൽ നിന്ന് 80 നോട്ടിക്കൽ മൈൽ അകലെയാണ് ബോട്ട് കുടുങ്ങിയത്. സമുദ്ര നിരീക്ഷണത്തിലുള്ള ഐ.സി.ജി ഡോർണിയർ വിമാനമാണ് അപകടത്തിൽപ്പെട്ട ബോട്ട് കണ്ടെത്തിയത്.

✪✪✪

ഒമാൻ തീരത്ത് മുങ്ങിയ എണ്ണക്കപ്പലിൽ നിന്ന് എട്ട് ഇന്ത്യക്കാരടക്കം ഒൻപത് പേരെ നാവികസേന യുദ്ധകപ്പൽ INS ടെഗ് രക്ഷപ്പെടുത്തി. 13 ഇന്ത്യക്കാരടക്കം 16 ജീവനക്കാർ എണ്ണക്കപ്പലിലുണ്ടായിരുന്നു. ശേഷിക്കുന്ന ഏഴ് പേർക്കായി

പട്രോൾ വിമാനം ഉൾപ്പെടെ ഉപയോഗിച്ച് തെരച്ചിൽ തുടരുകയാണ്.

✪✪✪

മഹാരാഷ്ട്ര, ഛത്തീസ്ഗഡ് അതിർത്തിയിൽ 12 നക്സലൈറ്റുകളെ പൊലീസ് വെടിവെച്ചു കൊന്നു. ആറ് മണിക്കൂറോളം നീണ്ട ഏറ്റുമുട്ടലിൽ ഒരു സബ് ഇൻസ്പെക്ടർക്കും കോൺസ്റ്റബിളിനും പരിക്കേറ്റു. നക്സലൈറ്റുകളിൽ നിന്ന് AK-47 റൈഫിളുകൾ ഉൾപ്പെടെ വൻതോതിൽ ആയുധങ്ങളും കണ്ടെടുത്തു.

ഗഡ്ചിരോളി, വനമേഖലയിൽ പട്രോളിംഗ് നടത്തുകയായിരുന്ന പൊലീസിന് നേരെ നക്സലൈറ്റുകൾ വെടിവെയ്ക്കുകയായിരുന്നു. പ്രദേശത്ത് പൊലീസ് തെരച്ചിൽ തുടരുകയാണ്.

✪✪✪

സുപ്രീം കോടതിയിൽ രണ്ട് പുതിയ ജഡ്ജിമാരെ ഇന്ന് നിയമിക്കും. ചീഫ് ജസ്റ്റിസ് D.Y ചന്ദ്രചൂഡ്, നിയുക്ത ജഡ്ജിമാരായ N. കോടീശ്വർ സിംഗിനും, R. മഹാദേവനും, സത്യവാചകം ചൊല്ലിക്കൊടുക്കും. ഇവരുടെ നിയമനത്തിന് ഇന്നലെ രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകാരം നൽകി.

ഇതോടെ സുപ്രീം കോടതിയിലെ ജഡ്ജിമാരുടെ മുഴുവൻ ഒഴിവുകളിലും നിയമനം പൂർത്തിയായി. ചീഫ് ജസ്റ്റിസ് ഉൾപ്പെടെ 34 ജഡ്ജിമാർ ഇപ്പോൾ സുപ്രീം കോടതിയിൽ ഉണ്ട്.

✪✪✪

ഡൽഹി മദ്യനയ കേസിൽ CBI അറസ്റ്റിനെ ചോദ്യം ചെയ്ത് മുഖ്യമന്ത്രി അരവിന്ദ് കെജ്-രിവാൾ നൽകിയ ഹർജി ഡൽഹി ഹൈക്കോടതി വിധി പറയാൻ മാറ്റി. കെജ്-രിവാളിന്റെ ഇടക്കാല ജാമ്യ ഹർജിയും വിധിപറയാനായി മാറ്റിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സാധാരണ ജാമ്യാപേക്ഷ ഈ മാസം 29-ന് കോടതി പരിഗണിക്കും.

✪✪✪

സംസ്ഥാന എക്സൈസ് വകുപ്പിലെ പരിശീലനം പൂർത്തിയാക്കിയ 173 സിവിൽ എക്സൈസ് ഓഫീസർമാരുടെ പാസ്സിംഗ് ഔട്ട് പരേഡ് രാവിലെ തിരുവനന്തപുരം പൊലീസ് ട്രെയിനിംഗ് ഗ്രൗണ്ടിൽ നടത്തും. മന്ത്രി M.B രാജേഷ് പരേഡിന്റെ അഭിവാദ്യം സ്വീകരിക്കും.

✪✪✪

തിരുവനന്തപുരത്ത് റെയിൽവേ സ്റ്റേഷനടിയിൽ കൂടി കടന്നു പോകുന്ന ആമയിഴഞ്ചാൻ തോട്ടിലെ മാലിന്യ നീക്കം ചർച്ചചെയ്യാൻ ഇന്ന് അടിയന്തര യോഗം ചേരും. മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ഓൺലൈനായാണ് യോഗം ചേരുന്നത്. ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരും MLA-മാരും തിരുവനന്തപുരം മേയറും യോഗത്തിൽ പങ്കെടുക്കും.

✪✪✪

റെയിൽവെ ഭൂമിയിലെ കനാലിൽ നിന്ന് മാലിന്യം മാറ്റുന്നതിനിടെ മരിച്ച ജോയിയുടെ കുടുംബത്തിന് നഷ്ടപരിഹാരം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മന്ത്രി V. അബ്ദുറഹിമാൻ റെയിൽവെ മന്ത്രിക്ക് കത്തയച്ചു.

റെയിൽവെ ഭൂമിയിലെ മാലിന്യ നിർമ്മാർജ്ജനത്തിന് ഫലപ്രദമായ സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്ന് കത്തിൽ ആവശ്യപ്പെട്ടു.

✪✪✪

മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ഒന്നാം ചരമവാർഷികാചരണത്തിന്റെ ഭാഗമായ അനുസ്മരണ സമ്മേളനം രാവിലെ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പുതുപ്പള്ളിയിൽ ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്ത് 3,000 വിദ്യാർത്ഥികൾക്ക് 30 ലക്ഷം രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയും ഇതോടൊപ്പം ആരംഭിക്കും. വൈകിട്ട് മൂന്നരയ്ക്ക് കഞ്ഞിക്കുഴിയിൽ ഉമ്മൻചാണ്ടി ഫൗണ്ടേഷൻ ഓഫീസ് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ ഉദ്ഘാടനം ചെയ്യും.

തിരുവനന്തപുരം വെള്ളയമ്പലം പഞ്ചായത്ത് അസോസിയേഷൻ ഹാളിൽ സെമിനാർ മുതിർന്ന പാർട്ടി നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. വൈകിട്ട് അനുസ്മരണ സമ്മേളനം പ്രതിപക്ഷ നേതാവ് V.D സതീശനും ഉദ്ഘാടനം ചെയ്യും.

കോഴിക്കോട് ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന അനുസ്മരണ ചടങ്ങ് കെ.മുരളീധരൻ ഉദ്ഘാടനം ചെയ്യും.

✪✪✪

BJP-യ്ക്ക് വോട്ട് ചെയ്തതിന്റെ പേരിൽ ആരെയും വേട്ടയാടാൻ CPIM-നെ അനുവദിക്കില്ലെന്ന് BJP സംസ്ഥാന പ്രസിഡന്റ് K. സുരേന്ദ്രൻ തിരുവനന്തപുരത്ത് വാർത്താ

കുറിപ്പിൽ അറിയിച്ചു. SNDP യോഗത്തിനെതിരായ ഭീഷണി അവർ അവസാനിപ്പിക്കണമെന്നും സുരേന്ദ്രൻ ആവശ്യപ്പെട്ടു. ന്യൂനപക്ഷങ്ങളെപ്പോലും രണ്ടായി കാണുന്നതാണ് CPIM-ന്റെ ശൈലിയെന്ന് ആരോപിച്ച സുരേന്ദ്രൻ അവർ മുസ്ലീം വിഭാഗത്തെ പ്രീണിപ്പിക്കുകയും ക്രൈസ്തവരെ അവഗണിക്കുകയുമാണെന്ന് പറഞ്ഞു.

CPIM തിരുത്താൻ കഴിയാത്ത വിധം കൈവിട്ടു പോയെന്ന് കോൺഗ്രസ് പ്രവർത്തകസമിതി അംഗം രമേശ് ചെന്നിത്തല കോഴിക്കോട്ട് പറഞ്ഞു. തുടർ ഭരണത്തിന്റെ ജീർണതയാണ് കാണുന്നതെന്നും അതിൽ നിന്ന് അവർക്ക് മോചനമില്ലെന്നും അദ്ദേഹം വിലയിരുത്തി.

KPCC വയനാട് ക്യാമ്പിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പാണ് ചർച്ചയായതെന്നും 70 ശതമാനത്തിന് മുകളിൽ വിജയമാണ് പാർട്ടിയുടെ ലക്ഷ്യമെന്നും ചെന്നിത്തല അറിയിച്ചു.

പാരീസ് ഒളിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ സംഘത്തിന് കായിക മന്ത്രാലയം അന്തിമ രൂപം നൽകി. 117 അത്‌ലറ്റുകളും 140 ഒഫീഷ്യലുകളും സംഘത്തിലുണ്ട്. അത്‌ലറ്റിക്സിൽ മാത്രം 29 പേരും ഷൂട്ടിംഗിൽ 21 പേരും ഹോക്കിയിൽ 19 പേരും ഒളിമ്പിക്സിൽ പങ്കെടുക്കും. ടേബിൾ ടെന്നീസിൽ എട്ടും, ബാഡ്മിന്റണിൽ P.V സിന്ധു അടക്കം ഏഴ് പേരും ഉൾപ്പെട്ടിട്ടുണ്ട്.

സംഘത്തിൽ ഏഴ് മലയാളികളും അടങ്ങുന്നു. ഹോക്കി ഗോൾ കീപ്പർ P.R ശ്രീജേഷ്, ബാഡ്മിന്റൺ താരം H.S പ്രണോയ്, ട്രിപ്പിൾ ജംമ്പിൽ അബ്ദുള്ള അബൂബക്കർ, റിലേയിൽ Y. മുഹമ്മദ് അനസ്, മുഹമ്മദ് അജ്മൽ, അമോജ് ജേക്കബ് എന്നിവരും ഉൾപ്പെടുന്നു.

ഈ മാസം 26 ന് ആരംഭിക്കുന്ന ഒളിമ്പിക് ഗെയിംസ് അടുത്ത മാസം 11 വരെയാണ്.

✪✪✪

ICC- ഏറ്റവും പുതിയ പുരുഷ ട്വന്റി - 20 ക്രിക്കറ്റ് ബാറ്റിംഗ് റാങ്കിംഗ് പ്രഖ്യാപിച്ചു. ഇന്ത്യയുടെ സൂര്യകുമാർ യാദവ്, രണ്ടാം സ്ഥാനം നിലനിർത്തി. യശസ്വി ജയ്സ്-വാൾ ആറാം സ്ഥാനത്താണ്. ഋതുരാജ് ഗെയ്ക്-വാദ് ഏഴാം റാങ്കിൽ നിന്ന് എട്ടാം റാങ്കിലേക്ക് താഴ്ന്നു.

ഓൾറൗണ്ടർ റാങ്കിംഗിലെ ആദ്യ പത്ത് പേരിൽ ഹർദിക് പാണ്ഡ്യ മാത്രമാണ് ആറാം റാങ്കോടെ ഇന്ത്യൻ ടീമിൽ നിന്ന് ഉൾപ്പെട്ടത്. പുരുഷ ടെസ്റ്റ് ബാറ്റിംഗ് റാങ്കിംഗിൽ രോഹിത് ശർമ്മ ആറാം സ്ഥാനവും യശസ്വി എട്ടാം സ്ഥാനവും നേടി. വിരാട് കോഹ്-ലി പത്താം സ്ഥാനത്താണ്.

✪✪✪

സാഫ് ഗെയിംസ് മെഡൽ ജേതാവും ഏഷ്യൻ, കോമൺവെൽത്ത് ഗെയിംസുകളിൽ പങ്കെടുക്കുകയും ചെയ്ത അത്‌ലറ്റ് ടിയാന മേരി തോമസിന് കായിക വകുപ്പിൽ ജോലി നൽകാൻ മന്ത്രിസഭ തീരുമാനിച്ചു. സ്പോർട്സ് കേരള

ഫൗണ്ടേഷനിൽ ജൂനിയർ സ്പോർട്സ് ഓർഗനൈസറായാണ് നിയമനം.

✪✪✪

കണ്ണൂർ ചെങ്ങളായി പരിപ്പായിയിൽ നിന്ന് തൊഴിലുറപ്പ് ജോലിക്കിടെ കണ്ടെത്തിയ നിധി ശേഖരത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെന്ന് കണ്ടെത്തി. 1826 കാലഘട്ടത്തിലെ വീരകായൻ പണം,ആലി രാജയുടെ കണ്ണൂർ പണം എന്നിവ ഉണ്ടെന്ന് പുരാവസ്തു ഉദ്യോഗസ്ഥരുടെ പരിശോധനയിൽ വിലയിരുത്തി.

✪✪✪

ഏറ്റുമാനൂരിൽ MDMA യുമായി രണ്ടു പേർ പിടിയിലായി. പെരുമ്പായിക്കാട് സ്വദേശി കാർത്തികേയൻ, കുളത്തൂപ്പുഴ സ്വദേശി ബിജി.T.അജി, എന്നിവരെയാണ് കോട്ടയം ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡ് പിടികൂടിയത്. ഇവരിൽ നിന്ന് MDMA-യും കഞ്ചാവും പിടിച്ചെടുത്തു.

✪✪✪

ഈ അധ്യയന വർഷത്തെ MBA പ്രവേശനത്തിന് പ്രവേശന പരിക്ഷാ കമ്മീഷണർ നടത്തിയ K-MAT പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു, ഔദ്യോഗിക വെബ്സൈറ്റിൽ ഫലം ലഭ്യമാണ്.

✪✪✪

അംഗീകാരമില്ലാതെ പ്രവർത്തിച്ച അൺ എയിഡഡ് സ്കൂളിന്റെ അംഗീകാരം മന്ത്രി വി ശിവൻകുട്ടി റദ്ദാക്കി. പെരിന്തൽമണ്ണ ഉപജില്ലയിലെ ബുസ്താനുൽ ഉലൂം സെൻട്രൽ സ്കൂളിന്റെ അംഗീകാരമാണ് റദ്ദാക്കിയത്.